28

# യേശു കരുതുന്നുണ്ടോ?

***വായനാ ഭാഗം #10***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).
- G. ഒരു ശതാധിപന്റെ ദാസനെ സൗഖ്യമാക്കി (മത്താ. 8:1, 5–13; ലൂക്കൊ.7:1–10).
- H. ഒരു വിധവയുടെ മകനെ ഉയർപ്പിച്ചു (ലൂക്കൊ. 7:11–17).
- I. യോഹന്നാൻ സ്നാപകനെ കുറിച്ച് ഉത്തരം നല്കി (മത്താ. 11:2–30; ലൂക്കൊ. 7:18–35).
- J. യേശുവിന്റെ കാലുകൾ അഭിഷേകം ചെയ്തു (ലൂക്കൊ. 7:36–50).

**മുഖവുര**

ഗിരിപ്രഭാഷണത്തിനുശേഷം, "യേശു മലയിൽനിന്ന് ഇറങ്ങി വന്നപ്പോൾ, വളരെ പുരുഷാരം അവനെ പിൻതുടർന്നു" (മത്തായി 8:1). ആ സമയം മുതൽ, അവൻ സഞ്ചരിച്ച എല്ലാ സ്ഥലങ്ങളിലും ക്രിസ്തു പുരുഷാരത്താൽ ചുറ്റപ്പെട്ടിരുന്നു (നോക്കുക ലൂക്കൊസ് 7:9, 11).[1] എങ്ങനെയായാലും, തനിക്കു ചുറ്റുമുള്ളവരെ വെറും ഒരു ജനക്കൂട്ടമായിട്ടല്ല യേശു കണ്ടത്. ആവശ്യ ങ്ങൾ ഉള്ള വ്യക്തികൾ ആയിട്ടാണ് അവരെ അവൻ കണ്ടത്. ലൂക്കൊസ് 7:13–ൽ ഉള്ള ഒരു പ്രയോഗം പ്രകടമാക്കുന്നത് ക്രിസ്തുവിന്റെ മനോ ഭാവത്തെയാണ്: "അവളെക്കണ്ടിട്ട്, *കർ ത്താവു മനസ്സലിഞ്ഞു....*" (എംഫ സിസ് മൈൻ).

ഈ പാഠത്തിൽ, വലിയ ഗലീലാ ശുശ്രൂഷയെ കുറിച്ചുള്ള പഠനം നാം തുടരും. ഞാൻ ഇങ്ങനെ പാഠത്തെ വിളിക്കുന്നു "യേശു കരുതുന്നുണ്ടോ?"[2] തനിക്കുചുറ്റുമുള്ളവരോടുള്ള യേശുവിന്റെ കരുതലും മനസ്സലിവും പ്രകട മാക്കുന്ന വ്യക്തമായ നാലു ഉദാഹരണങ്ങൾ അടങ്ങുന്നതാണ് നമ്മുടെ വേദ ഭാഗം. ആ നാലു സംഭവങ്ങളും ലൂക്കൊസിന്റെ പുസ്തകത്തിലുണ്ട്, അതു കൊണ്ടു ഈ പാഠത്തിന്റെ പ്രാഥമിക ഉറവിടത്തിന് ഞാൻ ലൂക്കൊസിന്റെ പുസ്തകമാണ് ഉപയോഗിക്കുന്നത്. അവയിൽ രണ്ടു സംഭവങ്ങൾ മത്തായി യുടെ പുസ്തകത്തിലുമുണ്ട്, അതു ഞാൻ അനുബന്ധ ഉറവിടയായി ഉപ യോഗിക്കുന്നു.

**നമ്മുടെ ഭവനങ്ങളെ രോഗം**
**കീഴടക്കുമ്പോൾ യേശു കരുതുന്നു**
**(മത്താ. 8:5-13; ലൂക്കൊ 7:1-10)**

മലമേലുള്ള യേശുവിന്റെ പ്രസംഗം അവസാനിപ്പിച്ചശേഷം, യേശു കഫർന്നഹൂമിലേക്കു മടങ്ങിവന്നു (ലൂക്കൊസ് 7:1). എന്നാൽ അവിടെ, ഒരു

ശതാധിപൻ തന്റെ ദാസനെ ക്രിസ്തു സൗഖ്യമാക്കേണ്ടതിനു അപേക്ഷി ക്കുവാൻ ഒരു യെഹൂദ ഉദ്യോഗസ്ഥനെ അയച്ചു (ലൂക്കൊസ് 7:2–5).[3] ഒരു പക്ഷെ യേശു ടൗണിലുള്ള സഹപ്രവർത്തകന്റെ മകനെ മുൻപ് സൗഖ്യമാ ക്കിയത് അവൻ കേട്ടിരിക്കാം (യോഹന്നാൻ 4:46–54).[4]

നൂറ് പടയാളികളുടെ മേൽ അധികാരമുള്ള (അവന്റെ പേർ സൂചിപ്പി ക്കുന്നതുപോലെ) ഒരു റോമൻ ഉദ്യോഗസ്ഥനായിരുന്നു ശതാധിപൻ.[5] ആ ശതാധിപന് യെഹൂദ സമൂഹവുമായി നല്ല ബന്ധമായിരുന്നു ഉണ്ടായിരുന്ന ത്. അവർക്ക് പള്ളി[6] പണിയുന്നതിനുള്ള ധനശേഖരം അവൻ നടത്തിയിരു ന്നു. അവൻ ഒരുപക്ഷെ യഹോവയിൽ വിശ്വസിച്ചിരുന്ന "ദൈവ–ഭയമുള്ള വൻ" ആയിരുന്നേക്കാം, എന്നാൽ യെഹൂദ മതാനുസാരിയായി തീർന്നില്ല (നോക്കുക പ്രവൃത്തികൾ 13:16).[7] ഇപ്പോൾ അവൻ വിചാരപ്പെട്ടിരുന്നത് അവന്റെ ദാസന്മാരിൽ ഒരാളെ കുറിച്ചായിരുന്നു.

ആ ഉദ്യോഗസ്ഥന്റെ ഭവനത്തിൽ ആ ദാസൻ "തളർന്നു കിടന്നിരുന്നു" എന്നാണ് നമ്മോടു പറഞ്ഞിരിക്കുന്നത് – "മരിക്കത്തക്ക" വേദനയിലുമായി രുന്നു (മത്തായി 8:6; ലൂക്കൊസ് 7:2). ലൂക്കൊസിന്റെ വിവരണം രേഖപ്പെടു ത്തിയിരിക്കുന്നത് ശതാധിപന്ന് "പ്രിയനായ" ദാസൻ ആയിരുന്നു അവൻ എന്നാണ് (7:2). കെജെവിയിൽ "അവന്നു പ്രിയപ്പെട്ടവൻ" എന്നാണ്. നിങ്ങൾക്കു "പ്രിയപ്പെട്ട" തായി കരുതിയിരുന്ന ആരെങ്കിലും ഗൗരവമായ രോഗാവസ്ഥയിൽ ആയിട്ടുണ്ടോ – ഒരു സ്നേഹിതനോ, ഒരു ബന്ധുവോ, അല്ലെങ്കിൽ നിങ്ങളുടെ വീട്ടിലെ തന്നെ ആരെങ്കിലും? എങ്കിൽ നിങ്ങൾക്ക് ആ ശതാധിപന്റെ വികാരം ബോധ്യമാകും. അത്തരം സമയങ്ങളിൽ, നാം അതിശയിച്ചേക്കാം, "യേശു കരുതുന്നുണ്ടോ?" അവൻ കരുതുന്നുണ്ട് എന്നാണ് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത്.

യേശു അതിനുള്ള മറുപടിയായി പടയാളിയുടെ വീട്ടിലേക്ക് നടക്കു വാൻ തുടങ്ങി, എന്നാൽ ക്രിസ്തു അവന്റെ വീട്ടിൽ വരുവാനുള്ള യോഗ്യ ത അവനില്ല എന്ന് അവൻ അറിയിച്ചു. യേശുവിന്റെ ആത്മീയ അധികാ രത്തെ അവൻ തിരിച്ചറിഞ്ഞിരുന്നു (ലൂക്കൊസ് 7:6–8). "അതുകേട്ടിട്ടു, യേശു അതിശയിച്ചു പിൻചെല്ലുന്നവരോടു പറഞ്ഞതു, 'യിസ്രായേലിൽ കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറ യുന്നു'" (മത്തായി 8:10).[8] "ആ നാഴികയിൽ തന്നേ അവന്റെ ബാല്യക്കാ രന്നു സൗഖ്യം വന്നു" (മത്തായി 8:13).

യേശു ഇപ്പോഴും ഭൂമിയിൽ നടക്കുന്നില്ല, അത്ഭുതങ്ങൾ ചെയ്യുവാനുള്ള അവന്റെ കാലവും കഴിഞ്ഞുപോയി; എന്നാൽ നമ്മുടെ ഭവനങ്ങളിൽ രോഗം കടന്നുവരുമ്പോൾ കർത്താവു ഇപ്പോഴും നമ്മെ കരുതുന്നുണ്ട്. ഓരോ ദിവ സവും കടന്നുപോകുവാൻ നമുക്കാവശ്യമായ ശക്തി അവൻ തരുന്നു (എബ്രായർ 13:5, 6).

> എന്റെ ഹൃദയം വേദന കൊണ്ടു പുളയുമ്പോൾ യേശു കരുതുമോ
> ആഹ്ലാദത്തിൽ ഞാൻ പാട്ടുപാടുമ്പോഴും അവൻ കരുതുമോ;
> ഭാരങ്ങൾ ഏറുമ്പോഴും, ശ്രദ്ധ നിരാശപ്പെടുത്തുമ്പോഴും,
> വഴി ക്ഷീണിച്ചും നീണ്ടും പോകുമ്പോഴോ?
>
> ഓ അതെ, യേശു കരുതും; അവൻ കരുതുമെന്ന് എനിക്കറിയാം, എന്റെ

ദുഃഖത്താൽ അവന്റെ ഹൃദയം സ്പർശിക്കപ്പെടും;
ദിവസങ്ങൾ ക്ഷീണിച്ചുപോകുമ്പോൾ, ഭയപ്പെടുത്തുന്ന
നീണ്ട രാത്രികൾ വരുമ്പോൾ,
എന്റെ രക്ഷകൻ എന്നെ കരുതുമെന്ന് എനിക്കറിയാം.[9]

## മരണം നമ്മുടെ ഹൃദയത്തെ ഭേദിക്കുമ്പോൾ യേശു കരുതുന്നു (ലൂക്കൊ. 7:11-17)

"പിറ്റെന്നാൾ,"[10] ക്രിസ്തു നയിൻ എന്ന പട്ടണത്തിലേക്കു പോയി (ലൂക്കൊസ് 7:11), അതു കഫർന്നഹൂമിന്റെ[11] തെക്കു–പടിഞ്ഞാറായി ഇരുപതു മൈലോളം അകലെ ആയിരുന്നു. യേശുവും, അവന്റെ ശിഷ്യന്മാരും, അവനെ അനുഗമിച്ച–പുരുഷാരവും "പട്ടണത്തിന്റെ വാതിലോടു അടുത്തപ്പോൾ, മരിച്ചുപോയ ഒരുത്തനെ പുറത്തുകൊണ്ടുവരുന്നു, അവൻ അമ്മെക്കു ഏകജാതനായ മകൻ, അവളോ വിധവ ആയിരുന്നു" (വാ. 12).

അക്കാലത്ത്, ഒരു വിധവയെ അഗതിയായിട്ടാണ് കണക്കാക്കിയിരുന്നത്. ആ സ്ത്രീയുടെ ഭർത്താവു മരിച്ചപ്പോൾ, അവൾക്കപ്പോഴും ആശ്രയത്തിനായി ഒരു മകൻ ഉണ്ടായിരുന്നു. പിന്നെ രണ്ടാമതൊരു വിപത്ത് അവളെ നേരിട്ടു: അവരുടെ ഏക മകനും മരിച്ചു. ഇപ്പോൾ അവളുടെ ഭാവി പ്രത്യാശ ഇല്ലാത്തതായി. ആ സ്ത്രീയുടെ മാനസികാവസ്ഥ ചിലർക്കെങ്കിലും മനസ്സിലായി കാണും. ജീവനെക്കാൾ കൂടുതൽ സ്നേഹിക്കുന്ന ആരെങ്കിലും നിങ്ങൾക്ക് ഉണ്ടായിരുന്നിരിക്കാം – എന്നാൽ ആ വ്യക്തി മരിച്ചു. നിങ്ങളുടെ സ്വന്തം ഹൃദയം അപ്പോൾ ഇളകിപ്പോകുന്നതായി നിങ്ങൾക്കു അനുഭവപ്പെടും.

മരണം നമ്മുടെ ഹൃദയങ്ങളെ ഭേദിക്കുമ്പോൾ യേശു കരുതുന്നുണ്ടോ? വാക്യം 13 പറയുന്നു കർത്താവു നയിനിലെ വിധവയെ കണ്ടപ്പോൾ, "അവന് അവളോടു മനസ്സലിവുണ്ടായി." നമ്മുടെ കണ്ണിൽ നിന്ന് ദുഃഖം നിമിത്തം കണ്ണുനീർ ഒഴുകുമ്പോൾ അവന്നു നമ്മോടും മനസ്സലിവുണ്ടാകും (യാക്കോബ് 5:11).

ക്രിസ്തു അവളോടു കരയേണ്ട എന്നു പറഞ്ഞു (വാ. 13). പിന്നെ അവൻ മഞ്ചം[12] തൊട്ടു മകനോടു സംസാരിച്ചു: "ബാല്യക്കാരാ, എഴുന്നേല്ക്ക, എന്നു ഞാൻ നിന്നോടു പറയുന്നു!" (വാ.14). "മരിച്ചവൻ എഴുന്നേറ്റു ഇരുന്നു [താൻ ശാരീരികമായി സുഖപ്പെട്ടു എന്നു കാണിച്ച്] സംസാരിപ്പാൻ തുടങ്ങി [അവന്റെ മനസും വീണ്ടെടുക്കപ്പെട്ടു എന്നു തെളിയിച്ചു]" (വാ. 15).

യേശുവിന്റെ ശുശ്രൂഷാസമയത്തു[13] നടന്നതായി രേഖപ്പെടുത്തി യിരിക്കുന്ന ആദ്യത്തെ ഉയർപ്പിക്കലാണിത്, എന്നാൽ അവൻ അതുവരെയും ചെയ്തുപോന്നതിന്റെ വിപുലീകരണം മാത്രമായിരുന്നു അത്: രോഗികളെ സൗഖ്യമാക്കൽ. രണ്ടു തരം അത്ഭുതങ്ങളും ഭൗതികശരീരത്തെ നശിപ്പിക്കുന്ന ശക്തികൾ ഉണ്ടാക്കുന്നതായിരുന്നു. ശരീരത്തെ സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്ന ഒരാൾക്ക് മരിച്ചവരെ ഉയർപ്പിക്കുവാനും കഴിയണം.[14]

മരിച്ച ബാല്യക്കാരൻ എഴുന്നേറ്റപ്പോൾ, അതു കണ്ട അടുത്തുനിന്നവർ ഞെട്ടിപ്പോയി. "... അവർ ദൈവത്തെ മഹത്വീകരിച്ചു, പറഞ്ഞു, 'ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു!' എന്നും, 'ദൈവം തന്റെ

ജനത്തെ സന്ദർശിച്ചിരിക്കുന്നു!'" (വാ. 16).

വാക്യം 15–ന്റെ അവസാനഭാഗമാണ് കഥയുടെ എനിക്ക് ഏറ്റവും ഇഷ്ട പ്പെട്ട ഭാഗം: "യേശു അവനെ അമ്മെക്കു ഏല്പിച്ചു കൊടുത്തു." ആ അമ്മ യുടെ കൈകളിലേക്ക് മകനെ ഏൽപ്പിച്ചു കൊടുത്തപ്പോഴുണ്ടായിരുന്ന യേശു വിന്റെ മുഖത്തെ മൃദുല വികാരത്തെ നിങ്ങൾക്കു കാണുവാൻ കഴിയു ന്നുണ്ടോ? സംഭവിച്ചതു മനസിലാക്കുവാൻ ശ്രമിക്കുന്ന ആ അമ്മയുടെ കണ്ണിൽനിന്നു കണ്ണുനീർ ഒഴുകുന്നതു നിങ്ങൾക്ക് കാണുവാൻ കഴിയു ന്നുണ്ടോ?

നാം അത്ഭുതങ്ങളുടെ കാലത്തല്ല ജീവിക്കുന്നത്. എങ്ങനെയായാലും, ഇതിനർത്ഥം, മരണം നമ്മെ വേർപെടുത്തുമ്പോൾ അവൻ നമ്മെ കരുതു കയില്ല എന്നല്ല. അന്ന് അവൻ നമുക്ക് ബലം തരും (യിരെമ്യാവു 16:19) – അ വൻ നമ്മെ മരണത്തിൽനിന്ന് ഉയർപ്പിക്കുമ്പോൾ നാം സ്നേഹിച്ചവരുമായി ഒത്തുചേരുന്ന ആ മഹാദിവസത്തിനായി നാം നോക്കിപ്പാർത്തു കഴിയുന്നു (1 തെസലൊനിക്യർ 4:13–18).

ഭൂമിയിൽ എനിക്കു പ്രിയപ്പെട്ടവർ എന്നോടും
ഞാൻ അവരോടും "വിട–പറ" യുമ്പോൾ,
ദുഃഖം നിറഞ്ഞു ഹൃദയം നുറുങ്ങുമ്പോഴും
യേശു അതു അറിയുന്നുണ്ടോ? അവൻ അതു കാണുന്നുണ്ടോ?

ഓ അതെ, യേശു കരുതും; അവൻ കരുതുമെന്ന് എനിക്കറിയാം, എന്റെ
ദുഃഖത്താൽ അവന്റെ ഹൃദയം സ്പർശിക്കപ്പെടും;
ദിവസങ്ങൾ ക്ഷീണിച്ചുപോകുമ്പോൾ, ഭയപ്പെടുത്തുന്ന
  നീണ്ട രാത്രികൾ വരുമ്പോൾ,
എന്റെ രക്ഷകൻ എന്നെ കരുതുമെന്ന് എനിക്കറിയാം.

## സംശയം നമ്മുടെ മനസുകളെ ദണ്ഡിപ്പിക്കുമ്പോഴും യേശു കരുതുന്നു (മത്താ. 11:2-30; ലൂക്കൊ. 7:18-35)

മരിച്ചവനെ യേശു ഉയർപ്പിച്ചതായ വാർത്ത നാടെങ്ങും പരന്നു, യെഹൂ ദ്യയുടെ തെക്കേ പ്രവിശ്യയിലേക്കുപോലും വ്യാപിച്ചു (ലൂക്കൊസ് 7:17[15]), അവിടെ യോഹന്നാൻ ഹെരോദാവിനാൽ തടവിലാക്കപ്പെട്ടിരുന്നു. ജോസെ ഫസ് പറഞ്ഞതനുസരിച്ച്, യോഹന്നാനെ തടവിലാക്കിയിരുന്നത് പെറുവിലെ ഹെരോദാവിന്റെ മെക്കാരിയോസ് കൊട്ടാരത്തിലായിരുന്നു, അതു ചാവുക ടലിന്റെ[16] കിഴക്കെ തീരത്തായിരുന്നു.

ക്രിസ്തുവിന്റെ പ്രവൃത്തികളെക്കുറിച്ച് യോഹന്നാന്റെ ശിഷ്യന്മാർ അറി യിച്ചപ്പോൾ, അവരിൽ രണ്ടുപേരെ അവൻ കർത്താവിന്റെ[17] അടുക്കൽ അയച്ചു പറയിച്ചു, "വരുവാനുള്ളവൻ നീയോ, അല്ല ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ?" (ലൂക്കൊസ് 7:19). "പ്രതീക്ഷിക്കുന്നവൻ" എന്നു ഗ്രീക്കുവാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരികമായ അർത്ഥം "വരുവാനുള്ളവൻ" എന്നാണ് (കെജെവി നോക്കുക). മുൻപു "എന്റെ പിന്നാലെ *വരുന്നവൻ*" എന്നു പറഞ്ഞപ്പോഴും യോഹന്നാൻ അതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 3:11; എംഫസിസ് മൈൻ).

യേശു തന്നെയാണ് മശിഹ എന്നു പ്രഖ്യാപിക്കുവാൻ യോഹന്നാൻ മടിക്കാത്തതുകൊണ്ട് (വരുവാനുള്ളവൻ) (യോഹന്നാൻ 1:29–36; 3:23–30), സ്നാപകനു ഒരു നിമിഷത്തേക്ക് അബദ്ധം പറ്റി എന്നതു സമ്മതിക്കുവാൻ ചില വ്യാഖ്യാതാക്കൾ തയ്യാറല്ല. ബൈബിൾ, എന്തുതന്നെയായാലും, അതിലെ നായകന്മാരെ തികവുള്ളവരായി എടുത്തു കാണിക്കുന്നില്ല. ആ വേദഭാഗത്തെ നാം വളരെ സ്വാഭാവികമായ അർത്ഥത്തിൽ എടുത്താൽ, യോഹന്നാൻ ഇരുണ്ട തടവറയിൽ ആയിരുന്നപ്പോൾ, അവന്റെ വിശ്വാസത്തിനു ഇടർച്ച സംഭവിച്ചു.

അതെങ്ങനെ സംഭവിച്ചു എന്നു മനസിലാക്കുവാൻ എനിക്ക് വിഷമമില്ല. ആദ്യത്തെ സ്ഥലത്തുവെച്ച്, മരുഭൂമിയിൽ ഊർജ്ജസ്വലനായി പ്രവർത്തിച്ചിരുന്നവനെ നിർബ്ബന്ധപൂർവ്വം പ്രവൃത്തിരഹിതനാക്കി. മാസങ്ങളോളം അവൻ തടവിലായിരുന്നു. ഇത് അവന്റെ മനസിനെ വേട്ടയാടിയിരുന്നു. കാർന്നു തിന്നുന്ന ചിന്തകളെ ഒഴിവാക്കുവാൻ വളരെ പ്രയാസമായിരുന്നിരിക്കാം.

കൂടാതെ, യോഹന്നാന്റെ പ്രതീക്ഷയനുസരിച്ച് ഒരുപക്ഷെ യേശു പ്രവർത്തിച്ചിരിക്കയില്ല. ഒരു കോടാലി കഠിനമായി ഉപയോഗിക്കുന്നതുപോലെയും, ഒരാൾ കളം വെടിപ്പാക്കുന്നതുപോലെയുമാണ് യോഹന്നാൻ സ്നാപകൻ യേശുവിനെ വരച്ചു കാണിച്ചത് (മത്തായി 3:10, 12).[18] മറ്റു യെഹൂദന്മാർക്കുള്ള അതേ ലൗകിക ചിന്താഗതി യോഹന്നാനും രാജ്യത്തെക്കുറിച്ചു ഉണ്ടായിരുന്നിരിക്കാം (അപ്പൊസ്തലന്മാരടക്കം; പ്രവൃത്തികൾ 1:6). റോമാക്കാരെ പരാജയപ്പെടുത്തുവാനാം, അഭക്തരായ യെഹൂദമതാദ്ധ്യക്ഷന്മാരെ പുറത്താക്കുവാനും, ഒരുപക്ഷെ കർ ത്താവു ഒരു സൈന്യത്തെ ഉയർത്തിക്കൊണ്ടുവരുമെന്ന് അവൻ പ്രതീക്ഷിച്ചിരിക്കാം.[19] കർത്താവു വന്നു തന്നെ തടവിൽനിന്നു മോചിപ്പിച്ച് ഹെരോദാവിനെ ശിക്ഷിക്കുമെന്നുപോലും അവൻ വിചാരിച്ചു കാണും. അതിനുപകരം, യേശു “വെറുതെ” ദേശത്തുമുഴുവൻ പോയി പ്രസംഗിക്കുകയും, ആളുകളെ സഹായിക്കുകയുമാണ് ചെയ്തുപോന്നത്.

ഹെരോദാവിനെയും ഹെരോദ്യയെയും, യോഹന്നാനു അറിയാമായിരുന്നതുകൊണ്ട്, ഒരുപക്ഷെ അവനു തന്റെ മരണം ആസന്നമാണെന്നു ബോധ്യമായിരിക്കാം. അതുകൊണ്ട്, യോഹന്നാൻ വീണ്ടും കാര്യങ്ങൾ ഉറപ്പിക്കുവാൻ ആഗ്രഹിക്കുന്നതിൽ, അതിശയിക്കുവാനില്ല: “ഞാൻ ദൈവം–നല്കിയ ദൗത്യം നിറവേറ്റിയോ, അതോ എന്റെ വേല വൃഥാവായിപോയോ?” അതുകൊണ്ട് അവൻ ചോദ്യവുമായി തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്ക് അയച്ചു “വരുവാനുള്ളവൻ നീയോ? അല്ല ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ?” (ലൂക്കൊസ് 7:19; കെജെവി).

ചില സമയത്ത്, നമ്മിൽ മിക്കപേരിലും, നമ്മുടെ വിശ്വാസത്തെ കുറിച്ചു ചോദ്യങ്ങൾ ചോദിക്കുവാൻ ഉണ്ടാകും. ചിലരിൽ സംശയത്തിന്റെ കരിനിഴൽ തന്നെ വീഴുവാനിടയുണ്ട്. നാം ദൈവത്തിനു മുമ്പാകെ വാതിൽ അടച്ചുകളയാത്തിടത്തോളം, അവൻ നമുക്കു നേരെ വാതിൽ അടക്കുന്നില്ല എന്നു മനസ്സിലാക്കുക.[20] ദൈവവചനം പരിശോധിച്ചു പ്രവർത്തിക്കുവാനുള്ള ആത്മാർത്ഥമനസ് നമുക്ക് ഉള്ള കാലത്തോളം, കർത്താവ് കുഞ്ഞുങ്ങളോടെന്നപോലെ നമ്മോടും ക്ഷമയുള്ളവനായിരിക്കും (ലൂക്കൊസ് 8:15; 1 പത്രൊസ് 2:2; 1 തിമൊഥെയൊസ് 1:16). സംശയം നമ്മുടെ മനസിനെ

അലോസരപ്പെടുത്തുമ്പോൾ, യേശു കരുതും.

യേശു തിരക്കിട്ടു രോഗസൗഖ്യം നടത്തിക്കൊണ്ടിരുന്നതു യോഹന്നാന്റെ ശിഷ്യന്മാർ കണ്ടു. അവൻ ആ ചോദ്യം കേട്ടപ്പോൾ, "ഇതുപോലെയുള്ള ചോദ്യം ചോദിക്കുവാൻ നിങ്ങൾക്ക് ലജ്ജയില്ലേ!" എന്നു, നിങ്ങളുടെ ഗുരുവിനോടു പോയി ചോദിക്കുവാനല്ല ക്രിസ്തു അവരോടു പറഞ്ഞത്. മറിച്ച്, അവൻ അവരോട് പറഞ്ഞു, "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു, ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുന്നു: എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കയും ചെയ്യുന്നതു യോഹന്നാനെ ചെന്ന് അറിയിപ്പിൻ" (ലൂക്കൊസ് 7:22). ഈ ഉത്തരം മശിഹയെക്കുറിച്ചു യെശയ്യാവ് 35:5–ലും യെശയ്യാവ് 61:1–ലും ഉള്ള പരിചിതമായ ഉദ്ധരണികളെ അവ്യക്തമായി സൂചിപ്പിക്കുന്നു. മശിഹക്കുവേണ്ടി *ജനങ്ങൾ* കണക്കുകൂട്ടിയ പ്രവർത്തികൾ യോഹന്നാൻ നടപ്പിലാക്കിയില്ലെങ്കിലും, താൻ *ദൈവത്തിന്റെ* പദ്ധതിയാണ് നിവർത്തിക്കുന്നതെന്ന് സ്നാപകനു പ്രോത്സാഹനം നൽകുവാനാണ് യേശു ഉദ്ദേശിച്ചത്.

"എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ," എന്നുകൂടെ യേശു വിശേഷിപ്പിച്ചു (ലൂക്കൊസ് 7:23).[21] യേശുവിന്റെ അവകാശവാദങ്ങളിൽ മറ്റുള്ളവർക്ക് എതിർപ്പുണ്ടായിരുന്നു (മത്തായി 13:57), എന്നാൽ യോഹന്നാൻ അവരിൽ ഒരാളാകുവാൻ യേശു ആഗ്രഹിച്ചില്ല. ഇങ്ങനെയാണ് യോഹന്നാനെ "വിശ്വാസം കാത്തുകൊൾവാൻ" അവൻ പ്രോൽസാഹിപ്പിച്ചത്. "എന്നിലുള്ള വിശ്വാസം നഷ്ടമാക്കാത്തവൻ ഭാഗ്യവാൻ"[22] എന്നാണ് അതിനു സമാന്തരമായ മറ്റൊരു പ്രയോഗത്തിൽ ഉള്ളത്.

യോഹന്നാന്റെ ചോദ്യം യേശുവിനെ രണ്ടു പ്രസംഗം നടത്തുവാൻ പ്രേരിപ്പിച്ചു. ഒന്നാമത്തേത് യോഹന്നാന്റെ നിരപരാധിത്വം തെളിയിക്കുന്നതായിരുന്നു (ലൂക്കൊസ് 7:24–30). ജെ. ഡബ്ളിയു. മെക്ഗാർവേ ഈ പ്രബോധന ചിന്ത എഴുതി: "ഒരു പ്രവൃത്തി ഒരു സ്വഭാവത്തെ സൃഷ്ടിക്കുന്നില്ല, ഒരു സംശയം അതുണ്ടാക്കാതെയുമിരിക്കുന്നില്ല."[23]

മലാഖിയുടെ പ്രവചനത്തിൽ പറഞ്ഞ ദൂതനായിരുന്നു യോഹന്നാൻ എന്നു ക്രിസ്തു ഊന്നിപ്പറഞ്ഞു (ലൂക്കൊസ് 7:27; മലാഖി 3:1; നോക്കുക മത്തായി 11:10; മർക്കൊസ് 1:2) – അതായത് "വരുവാനുള്ള ഏലിയാവു" (മത്തായി 11:14; മലാഖി 4:5).[24] അവൻ പറഞ്ഞതു "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല" എന്നാണ് (ലൂക്കൊസ് 7:28). അത് എന്തൊരു അഭിനന്ദനമാണ്!

പിന്നെ യേശു ഈ അതിശയകരമായ വാക്കുകൾ കൊണ്ടു വിശേഷിപ്പിച്ചു: "ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ" (ലൂക്കൊസ് 7:28). യോഹന്നാനെ കുറിച്ചു യേശു ഇപ്പോൾ പറഞ്ഞതിന്റെ ഫലമായി, യോഹന്നാൻ ദൈവരാജ്യത്തിലായിരുന്നില്ലെങ്കിൽ മാത്രമേ ആ പ്രസ്താവന ശരിയായി തീരുകയുള്ളൂ. ഒരു "പഴയ സ്ഥാപിതമായ ചൊല്ലുണ്ട്, 'വലിയവരിൽ ഏറ്റവും ചെറിയവൻ ചെറിയവരിൽ വലിയവനേക്കാൾ വലിയവനാണ്,' ഏറ്റവും വലിയ കല്ലിനേ ക്കാൾ [പാറ][25] കൂടുതൽ വിലയുള്ള ഒന്നാണ് വളരെ ചെറിയ വജ്രം എന്നു പറയുന്നതുപോലെയാണ് അത്." രാജ്യത്തിനു/സഭക്ക് വഴി ഒരുക്കിയതു യോഹന്നാനായിരുന്നു, എന്നാൽ നിങ്ങൾക്കും എനിക്കും അതിന്റെ ഭാഗമാകുവാൻ കഴിഞ്ഞ വലിയ നേട്ടം

ലഭിച്ചു!

യോഹന്നാനെ കുറിച്ച് യേശു നടത്തിയ അഭിനന്ദനപ്രകടനം ജന ങ്ങൾക്കിഷ്ടമായി കാരണം അവർ യോഹന്നാനാൽ സ്നാനം ഏറ്റവരായി രുന്നു (ലൂക്കൊസ് 7:29). യെഹൂദമതാദ്ധ്യക്ഷന്മാർ സ്നാപകന്റെ ഉപദേശ ങ്ങളോടു പ്രതികരിച്ചില്ല എന്നു ഇതു യേശുവിനെ ഓർമ്മിപ്പിച്ചു: "എങ്കിലും പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ, ദൈവ ത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാവാക്കിക്കളഞ്ഞു" (ലൂക്കൊസ് 7:30).

ഇത് ക്രിസ്തുവിനെ തന്റെ രണ്ടാമത്തെ പ്രസംഗത്തിലേക്കു നയിച്ചു – അവനെ അതിശയിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്ത അവിശ്വാസത്തെ കുറിച്ചുള്ളതായിരുന്നു. തൃപ്തിപ്പെടാതെ ശാഠ്യത്തിൽ ആകുന്ന കുട്ടികളെ പോലെ പെരുമാറിയ പരീശന്മാരെ അവൻ ശകാരിച്ചു: യോഹന്നാൻ സ്നാപ കന്റെ വൃതത്തെ അവർ വിമർശിച്ചു, ഇപ്പോൾ യേശുവിന്റെ സാമൂഹ്യ കഴി വിനെ അവർ കുറ്റപ്പെടുത്തി (ലൂക്കൊസ് 7:31–34). തന്റെ അത്ഭുതങ്ങളുടെ[26] ഫലം ആസ്വദിച്ച പട്ടണങ്ങളെയും, അവനെ ത്യജിച്ച പട്ടണങ്ങളെയും അവൻ ശാസിക്കയുണ്ടായി (മത്തായി 11:20–24).

ഭാരം നിറഞ്ഞ ഹൃദയത്തോടെ ക്രിസ്തു തന്റെ പിതാവിങ്കലേക്കു തിരി ഞ്ഞു. അവന്റെ ചുണ്ടുകളിൽ നിന്ന് ഒരു പ്രാർത്ഥന ഉയർന്നു, ദൈവത്തോ ടു അവനുള്ള നന്ദിയും അതിൽ ഉൾപ്പെടുന്നു കാരണം അവൻ "ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു [പരീശന്മാരെപോലെയുള്ളവർ വിചാരിച്ചിരുന്നത് തങ്ങൾ ജ്ഞാനികളാണെന്നാണ് (യോഹന്നാൻ 9:40)] ... ശിശുക്കൾക്കു വെളിപ്പെടുത്തി [ആവശ്യങ്ങൾ തിരിച്ചറിയുവാൻ കഴിയുന്ന സൗമ്യതയുള്ളവർ (മത്തായി 5:3; 18:3)]" (മത്തായി 11:25). യേശു പിന്നെ പുരുഷാരത്തിലേക്കു തിരിഞ്ഞ് മഹത്തായ ക്ഷണം നൽകി:

> അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാ വരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ, എന്റെ നുകം[27] ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു (മത്തായി 11:28–30).

ധാരാളം ആളുകൾ ജീവിതഭാരം നിമിത്തം പ്രതിസന്ധിയിൽ കൂടെ കട ന്നുപോകുന്നു. ഒരുപക്ഷെ അവരിൽ ഒരാൾ നിങ്ങൾ ആയേക്കാം. ഒരുപക്ഷെ നിങ്ങളും സംശയം എന്ന ഭാരത്തിലായിരിക്കാം, യോഹന്നാൻ അങ്ങനെയാ യിരുന്നുവല്ലൊ. അങ്ങനെയെങ്കിൽ, യേശു കരുതുന്നതുകൊണ്ട് സന്തോ ഷിക്കുക.

> അജ്ഞാതമായ ഭീതിയോടും ഭയത്തോടും
> എന്റെ വഴി ഇരുളുമ്പോൾ യേശു എന്നെ കരുതുന്നുണ്ടോ?
> പകൽ വെളിച്ചം മങ്ങി ഇരുട്ടിലേക്കു മറയുമ്പോൾ,
> അവൻ കരുതുവാൻ തക്കവണ്ണം നമുക്കടുത്തുണ്ടോ?
>
> ഓ അതെ, യേശു കരുതും; അവൻ കരുതുമെന്ന് എനിക്കറിയാം, എന്റെ
> ദുഃഖത്താൽ അവന്റെ ഹൃദയം സ്പർശിക്കപ്പെടും;

ദിവസങ്ങൾ ക്ഷീണിച്ചുപോകുമ്പോൾ, ഭയപ്പെടുത്തുന്ന
നീണ്ട രാത്രികൾ വരുമ്പോൾ,
എന്റെ രക്ഷകൻ എന്നെ കരുതുമെന്ന് എനിക്കറിയാം.

## പാപം നമ്മുടെ ജീവിതത്തെ കീഴടക്കുമ്പോൾ യേശു കരുതുന്നു (ലൂക്കൊ 7:36-50)

ലൂക്കൊസ് 7:36 മിക്കവാറും അതിശയിപ്പിക്കുന്നതായി കാണുന്നു. യേശു പരീശന്മാരെ ശാസിച്ച ഉടനെ (7:30–35), നാം വായിക്കുന്നു, "പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു" (വാ. 36).[28] ആ പരീശന്റെ പേർ ശിമോൻ എന്നായിരുന്നു (വാ. 40). ക്രിസ്തു അവന്റെ ക്ഷണത്തെ സ്വീകരിച്ചപ്പോൾ നടന്ന കഥയെ "യേശുവിന്റെ മൊത്തം ശുശ്രൂഷയിൽ സംഭവിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും സ്പർശിക്കത്തക്ക സംഭവം"[29] എന്നു പറയാം.

ആ വിവരണം[30] നമ്മൾ ചുരുക്കമായി നോക്കുന്നതിനു മുൻപ്, ഈ സംഭവം ക്രിസ്തുവിന്റെ ജീവിതത്തിന്റെ അവസാനത്തോടടുത്തു നടന്ന അഭിഷേകമല്ല എന്നു ഞാൻ ഊന്നി പറയട്ടെ (മത്തായി 26:6–13; മർക്കൊസ് 14:3–9; യോഹന്നാൻ 12:3–8). ചില വിശദാംശങ്ങൾ ഒന്നുപോലെ[31] ഉള്ളതാണ്, എന്നാൽ സ്ഥലം, സമയം, സന്ദർഭം, പങ്കെടുക്കുന്നവർ, അനന്തരഫലം തുടങ്ങിയവ വ്യത്യസ്തമായിരുന്നു. (ലൂക്കൊസ് 7–ൽ പറയുന്ന പാപിയായ സ്ത്രീ മഗ്ദലന മറിയയായിരുന്നു[32] എന്നപ്രസിദ്ധമായ ആശയത്തിന് വചനപിൻതുണയില്ല എന്നുകൂടി ഞാൻ ചൂണ്ടികാണിക്കട്ടെ.)

നമുക്ക് ഇനി സംഭവത്തിലേക്കു തിരിയാം. യേശുവിനെ ശിമോൻ തന്റെ വീട്ടിലേക്ക്[33] ക്ഷണിച്ചതിന്റെ ശരിയായ കാരണം നമുക്കറിയില്ല. അതിന് അവനുള്ള കാരണം എന്തായാലും, അവൻ അതിഥി സൽക്കാരം നടത്തിയില്ല എന്നു വ്യക്തമാണ് (വാ. 44–46). ആതിഥേയന്റെ ബഹുമാനരാഹിത്യത്തിന് വിപരീതമായി, സംഭവം പറയുന്നത് ക്ഷണിക്കാതെ വിരുന്നിനു കടന്നുവരുവാൻ നിർബന്ധിതയായ, പാപിയായ ഒരു സ്ത്രീയുടെ വാത്സല്യത്തെ കുറിച്ചാണ്. അവന്റെ പുറകിൽ നിന്നു, "അവളുടെ കണ്ണുനീർ കൊണ്ട് അവന്റെ കാൽ നനെച്ചു തുടങ്ങി, തലമുടി കൊണ്ടു തുടെച്ചു, കാൽ ചുംബിച്ചു തൈലം ... പൂശി" (വാ. 38).

അതു കണ്ട് ശിമോൻ ഞെട്ടിപ്പോയി. അവൻ ഉള്ളിൽ പറഞ്ഞു, "ഇവൻ പ്രവാചകൻ[34] ആയിരുന്നു എങ്കിൽ തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു, അവൾ പാപിയല്ലോ" (വാ. 39). യേശു ആരാണെന്നതിനെ കുറിച്ച് താൻ ഒരു വിധി നടത്തുകയായിരുന്നു എന്നാണ് പരീശൻ കരുതിയത്; അവൻ വാസ്തവത്തിൽ തന്റെ തന്നെ ആത്മീയാവസ്ഥയെ കുറിച്ച് വിധി നടത്തുകയായിരുന്നു.

ശിമോന്റെ വിചാരങ്ങൾ അറിഞ്ഞുകൊണ്ട്, ക്രിസ്തു രണ്ട് കടക്കാരെ കുറിച്ചു ചുരുക്കവും എന്നാൽ മനോഹരവുമായ ഉപമ[35] പറഞ്ഞു. "സ്നേഹവും, കണ്ണുനീരും, പാപക്ഷമാപണവും" എന്ന പ്രസംഗത്തിൽ നാം ആ ഉപമ വിശദമായി പഠിക്കും. യേശു പഠിപ്പിച്ചതു എന്തെന്നാൽ പരീശനെ പോലെ, ഒരാളുടെ ആത്മീയ ആവശ്യങ്ങളെ കുറിച്ചു ബോധം ഇല്ലാത്തവർ, "കുറച്ചുമാത്രം സ്നേഹിക്കുന്നു" എന്നാണ്. അതിനു വിപരീതമായി, അധികം

പാപം ചെയ്ത ആ സ്ത്രീ അവളുടെ പാപത്തിന്റെ കടം തീർക്കുവാൻ സാധിക്കുകയില്ലെന്നു തിരിച്ചറിഞ്ഞു. അതുകൊണ്ട്, അവൾ ക്ഷമിക്കപ്പെട്ടപ്പോൾ, അവൾ "അധികം സ്നേഹിച്ചു" (വാ. 47).

പാപം എപ്പോഴെങ്കിലും നിങ്ങളെ കീഴ്പ്പെടുത്തുമെന്നു ഭയപ്പെടുത്തിയിട്ടുണ്ടോ? നിങ്ങൾ പറഞ്ഞതോ ചെയ്തതോ ആയ എന്തിനെയെങ്കിലും കുറിച്ചു വിചാരപ്പെട്ട്, എപ്പോഴെങ്കിലും രാത്രി ഉറങ്ങാതെ നിങ്ങൾ ചിലവഴിച്ചിട്ടുണ്ടോ? മനസ്സാക്ഷി കുറ്റപ്പെടുത്തി നോവിക്കുന്ന ഒരവസ്ഥ നിങ്ങൾക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? തീർച്ചയായും ഉണ്ടായിക്കാണും. നാം *എല്ലാം* പാപികളാണ് (റോമർ 3:23), നമ്മുടെ പാപങ്ങൾക്കുള്ള കടം തീർക്കുവാൻ കഴിയാത്തവരാണ് നാം (റോമർ 6:23). പാപം നമ്മെ കീഴടക്കുമ്പോൾ യേശു നമ്മെ കരുതുന്നു എന്നു അറിയുന്നത് അതിശയകരമായ കാര്യമാണ്. നാം നമ്മുടെ പാപങ്ങളെ തിരിച്ചറിഞ്ഞു അവങ്കലേക്കു തിരിഞ്ഞാൽ,[36] അവൻ നമ്മോടു പാപം ക്ഷമിക്കയും നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യും (ഗലാതൃർ 5:1) എന്നു തിരിച്ചറിയുന്നത്, അത്ഭുതകരമാണ്!

> ശക്തമായ ചില പരീക്ഷണത്തെ പ്രതിരോധിക്കുവാൻ ശ്രമിച്ചിട്ടു
> പരാജയപ്പെടുമ്പോൾ യേശു കരുതുമോ?
> എന്റെ അഗാധമായ ദുഃഖത്തിന് എനിക്കാശ്വാസം കിട്ടാതെവരുമ്പോൾ,
> രാത്രി മുഴുവൻ കരയുമ്പോഴോ?
>
> ഓ അതെ, യേശു കരുതും, അവൻ കരുതുമെന്ന് എനിക്കറിയാം, എന്റെ
> ദുഃഖത്താൽ അവന്റെ ഹൃദയം സ്പർശിക്കപ്പെടും;
> ദിവസങ്ങൾ ക്ഷീണിച്ചുപോകുമ്പോൾ, ഭയപ്പെടുത്തുന്ന
> നീണ്ട രാത്രികൾ വരുമ്പോൾ,
> എന്റെ രക്ഷകൻ എന്നെ കരുതുമെന്ന് എനിക്കറിയാം.

**ഉപസംഹാരം**

നമ്മുടെ പാഠത്തിൽ, യേശു കരുതുന്നു എന്ന വസ്തുതക്കു നാലു ചിത്രീകരണങ്ങൾ നാം കണ്ടു: നമ്മുടെ വീടുകളെ രോഗം വിഴുങ്ങുമ്പോൾ യേശു കരുതുന്നു; മരണം നമ്മുടെ ഹൃദയങ്ങളെ ഭേദിക്കുമ്പോൾ യേശു കരുതുന്നു; സംശയം നമ്മുടെ മനസ്സുകളെ മൂടുമ്പോൾ യേശു കരുതുന്നു; നമ്മുടെ ജീവിതങ്ങളിൽ പാപം പെരുകുമ്പോൾ യേശു കരുതുന്നു. പത്രൊസ് എഴുതി, "അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ, ദൈവത്തിന്റെ ബലമുള്ള കൈ ക്കീഴു താണിരിപ്പിൻ, *അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ*, നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:6, 7; എംഫസിസ് മൈൻ).

ഈ പാഠത്തിലെ സംഭവത്തിന്റെ അവസാനത്തെ സംബന്ധിച്ചു പൊതുവായ ഒരു നിർദ്ദേശം ഞാൻ നൽകട്ടെ: യേശു എത്രമാത്രം സ്നേഹിക്കുന്നു എന്നും, അവൻ എന്തെല്ലാം ചെയ്തു എന്നും തിരിച്ചറിയുന്നവർ, അവനെ അധികം സ്നേഹിക്കുകയും – അവരുടെ അഭിനന്ദനം *പ്രകടിപ്പിക്കുകയും* ചെയ്യും. കർത്താവു അവന്റെ അനുഗ്രഹങ്ങൾ നമ്മിൽ പകർന്നിട്ടുണ്ട്. നാം അവനെ സ്നേഹിക്കുന്നുണ്ടോ? നാം ആ സ്നേഹം *പ്രകടിപ്പിക്കുന്നു*ണ്ടോ?

കുറിപ്പുകൾ

[1]ആ രംഗം എനിക്കൂഹിക്കുവാൻ കഴിയും, അതിൽ ഒരാൾ പറയുന്നു, "ഒരു ജാഥ ടൗണിലേക്കു വരുന്നു!" അപ്പോൾ മറ്റൊരാൾ മറുപടി പറയുന്നു, "അല്ല, അത് യേശുവിന്റെ മറ്റൊരു സന്ദർശനമാണ്." [2]യേശുവിന്റെ ജീവിതത്തിന്റെ ഈ ഭാഗത്തോടുള്ള ആ സമീപനം പല പുസ്തകങ്ങളിൽ കാണാം, അതിൽ റിച്ചാർഡ് റോജേഴ്സ് തുടങ്ങിയ മറ്റു എഴുത്തുകാരുടെ പുസ്തകങ്ങളും ഉൾപ്പെടുന്നു. അതിന്റെ ആരംഭം എവിടെനിന്ന് എന്ന് എനിക്കറിയില്ല. [3]മത്തായിയുടെ വിവരണം സൂചിപ്പിക്കുന്നത് ശതാധിപൻ നേരിട്ട് യേശുവിനോടു പറഞ്ഞതായാണ്, എന്നാൽ ലൂക്കൊസിന്റെ വിവരണത്തിൽ, ആ ഉദ്യോഗസ്ഥൻ ആളുകളെ അവന്റെ അടുക്കലേക്ക് അയച്ചു എന്നാണ്. ഒരുപക്ഷെ രണ്ടും ശരിയായിരിക്കാം, അല്ലെങ്കിൽ ഒരുപക്ഷെ ശതാധിപൻ, തനിക്ക് അയോഗ്യത ഉള്ളതായി തോന്നി, താൻ അയച്ചവർ *മുഖാന്തിരം* മാത്രം ക്രിസ്തുവിനോടു സംസാരിക്കുകയായിരുന്നേക്കാം. [4]രണ്ടു സംഭവങ്ങളിലും ചില സമാനതകൾ ഉണ്ട്, പ്രത്യേകിച്ച് ദൂരെ–നിന്നു–കൊണ്ടു–സൗഖ്യപ്പെടുത്തുന്ന രീതി. [5]"ഒരു ശതാധിപൻ" എന്ന നിലയിൽ, അവൻ നൂറുപടയാളികളുടെ അധിപനാണ്. [6]ഒന്നാം–നൂറ്റാണ്ടിലെ ഒരു പള്ളിയുടെ ചില അവശിഷ്ടങ്ങൾ ഇന്നും കഫർന്നഹൂമിൽ കാണാം. [7]ദൈവ–ഭയമുള്ളവൻ സത്യദൈവത്തിൽ വിശ്വസിച്ചിരുന്നു എന്നാൽ ഒരു യെഹൂദ മതാനുസാരിയാകേണ്ടതിന് പരിഛേദന ഏറ്റിരുന്നില്ല. [8]ശതാധിപന്റെ വിശ്വാസം ജാതികളിൽ പലരും ("കിഴക്കുനിന്നും പടിഞ്ഞാറുനിന്നും" ഉള്ളവർ) ക്രിസ്തുവിന്റെ രാജ്യത്തിന്റെ ഭാഗമായി തീരും എന്നാൽ യെഹൂദന്മാരിൽ പലരും ("രാജ്യത്തിന്റെ പുത്രന്മാർ") അതിന്റെ ഭാഗമാകുകയില്ല എന്ന പ്രവചനമുന്നറിയിപ്പു നൽകുന്നതായിരുന്നു (മത്തായി 8:11, 12). [9]ഫ്രാങ്ക് ഇ. ഗ്രെഫ്, "യേശു കരുതുന്നുണ്ടോ?" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, കോംപ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാഡ് പബ്ളിഷിങ് കമ്പനി., 1994). [10]ചില കയ്യെഴുത്തു പ്രതികളിൽ ഉള്ളത് "അടുത്ത ദിവസം" എന്നാണ്. കെജെവി യിൽ "പിറ്റേന്നാൾ" എന്നാണ്.

[11]"ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [12]"കോഫിൻ" എന്ന് തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് ശരീരം വഹിച്ചുകൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന തടികൊണ്ടുള്ള സ്ട്രെച്ചറിനെയും സൂചിപ്പിക്കുന്നു (ഒരു "ബയർ"; കെജെവി നോക്കുക). യെഹൂദന്മാർ അപൂർവ്വമായിട്ടേ ശവപ്പെട്ടി ഉപയോഗിച്ചിട്ടുള്ളൂ എന്നാണ് ചിലർ വിശ്വസിക്കുന്നത്. [13]പുരുഷാരത്തിൽ ഉണ്ടായ സ്വാധീനം സൂചിപ്പിക്കുന്നത് യേശു ആരെയെങ്കിലും ഉയർപ്പിച്ച സംഭവം അതാദ്യമായിട്ടായിരുന്നു എന്നത്രെ. ഏലിയാവിന്റെയും എലീശയുടെയും ശുശ്രൂഷകൾക്കിടയിൽ മരിച്ചവർ ഉയർത്തെഴുന്നേറ്റിട്ടുണ്ട് (1 രാജാക്കന്മാർ 17:17–24; 2 രാജാക്കന്മാർ 4:32–37), എന്നാൽ അത്, യേശുവിന് വളരെ കാലം മുൻപായിരുന്നു. [14]രോഗികളെ സൗഖ്യമാക്കുവാൻ കഴിഞ്ഞിരുന്ന, പത്രൊസിനു (പ്രവൃത്തികൾ 9:32–35), മരിച്ചവരെ ഉയർപ്പിക്കുവാനും കഴിഞ്ഞിരുന്നു (പ്രവൃത്തികൾ 9:36–43). [15]ലൂക്കൊസ് 7:17–ലെ "യെഹൂദ്യാ" എന്ന വാക്കിന്റെ അർത്ഥം ഒന്നുകിൽ "യെഹൂദന്മാരുടെ ദേശം" (അതായത്, പാലസ്തീൻ) അല്ലെങ്കിൽ യെഹൂദ്യ നാട് എന്നാണ്. രണ്ടായാലും, ആ പദത്തിൽ യെഹൂദ്യ നാട് ഉൾപ്പെടുന്നുണ്ട്. [16]"ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. [17]യോഹന്നാന് തന്റെ ശിഷ്യന്മാരുമായി ബന്ധമുണ്ടായിരുന്നു എന്ന വസ്തുത കാണിക്കുന്നത് പൗലൊസിന് കൈസര്യയിൽ തടവിലായിരുന്നപ്പോൾ ലഭിച്ച ആനുകൂല്യം അവനും ലഭിച്ചു എന്നാണ് (പ്രവൃത്തികൾ 24:23). [18]കോടാലി–ഉപയോഗിക്കുന്നതും കളം–വെടിപ്പാക്കുന്നതും സംബന്ധിച്ചുള്ള യോഹന്നാന്റെ പ്രവചനം യെരുശലേം നാശത്തോടെ ഒരുപക്ഷെ ഭാഗികമായി നിറവേറിയിരിക്കും. അതിന്റെ അവസാന നിറവേറൽ ന്യായവിധി നാളിൽ ആയിരിക്കും. [19]മത്തായി 11:

12–ലെ യേശുവിന്റെ നിഗൂഢതയുള്ള വാക്കുകൾ സൂചിപ്പിക്കുന്നത് യോഹന്നാനും മറ്റും രാജ്യം ദൈവത്തിന്റെ ഉദ്ദേശമനുസരിച്ചും അവന്റെ സമയക്രമം അനുസരിച്ചും വരുന്നതിനു കാത്തുനിൽക്കാതെ ധൃതിപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നതാകാം.

[20]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഞങ്ങൾ പറയും, "നാം ദൈവത്തെ എഴുതിത്തള്ളാതിരിക്കുന്നിടത്തോളം കാലം, അവൻ നമ്മെ എഴുതിതള്ളുകയില്ല." [21]നമുക്കറിയാവുന്നിടത്തോളം, യേശുവും യോഹന്നാനും തമ്മിൽ നടന്ന അവസാന സംഭാഷണമായിരുന്നു ഇത്. യേശുവിന്റെ സന്ദേശത്തോടുള്ള യോഹന്നാന്റെ പ്രതികരണം നമ്മോടു പറഞ്ഞിട്ടില്ല, എന്നാൽ, വർഷങ്ങൾക്കുശേഷം, യോഹന്നാനെ കുറിച്ച് ക്രിസ്തു നടത്തിയ അഭിനന്ദന പ്രകടനത്തെ കുറിച്ചു മത്തായിയും ലൂക്കൊസും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത, കർത്താവിന്റെ സഹായത്തോടെ, യോഹന്നാൻ തന്റെ സംശയത്തെ ദൂരീകരിച്ചു എന്നു എനിക്കു മനസ്സിലാകുവാൻ മതിയായ തെളിവാണ്. [22]എടുത്തിരിക്കുന്നത് *ദ ലിവിങ് ഗോസ്പെൽസ്* (വീറ്റൺ, Ill.: റ്റിൻഡെയിൽ ഹൗസ്, 1966) *ദ മാൻ ജീസസ്* എന്നതിൽ നിന്നു (ഗ്ലെൻഡെയിൽ, കാലിഫ്.: റീഗൽ ബുക്സ്, ജി/എൽ പബ്ളിക്കേഷൻസ്, 1967), 68. [23]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലെറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 282. [24]ഇത് "ക്രിസ്തുവിന്റെ ജീവിതം, 2" – ൽ വിവരിച്ചിട്ടുണ്ട്. [25]മെക്ഗാർവെ ആന്റ് പെൻലെറ്റൺ, 283. [26]വിവരിച്ചിരിക്കുന്ന പട്ടണങ്ങൾ ഓരോന്നും കഫർന്നഹൂമിനു അടുത്തു സ്ഥിതി ചെയ്യുന്നവയാണ്. "യേശുവിന്റെ കാലത്തെ പാലസ്തീൻ" എന്ന പടം നോക്കുക. [27]നുകം എന്നത് രണ്ടു യൂ–ആകൃതിയിലുള്ള മരത്തിന്റെ ഭാഗങ്ങൾ "കൂട്ടിചേർത്ത്" രണ്ടു മൃഗങ്ങളെ ഒന്നിപ്പിച്ചുവെച്ചുകൊണ്ട് ജോലി ചെയ്യുന്നതിന് ഉപയോഗിച്ചിരുന്നു. ലോകത്തിൽ ചില ഭാഗത്ത് ഇപ്പോഴും നുകം ഉപയോഗിക്കുന്നുണ്ട്; മറ്റു ചില ഭാഗത്ത് വേറെ കവചം അതിനായി ഉപയോഗിച്ചുവരുന്നു. തിരുവെഴുത്തിൽ സാധാരണ "നുകം" എന്ന പദം ഉപയോഗിച്ചുള്ളത് ഇച്ഛിക്കാത്ത ഭാരത്തെ സൂചിപ്പിക്കുന്നതിനാണ് (യെശയ്യാവ് 9:4; യിരെമ്യാവു 27:12; പ്രവൃത്തികൾ 15:10; ഗലാത്യർ 5:1; 1 തിമൊഥെയൊസ് 6:1). എങ്ങനെയായാലും, യേശുവിന്റെ ചിത്രീകരണത്തിൽ, പറയുന്ന പോയിന്റ് എന്തെന്നാൽ വിശ്വാസി *ക്രിസ്തുവിനോടുകൂടെ* "കൂട്ടിചേർക്ക" പ്പെടുന്നു – നാം അനുവദിക്കുമെങ്കിൽ, ക്രിസ്തു സ്വയം ഒരുവശത്തുള്ള അധികം ഭാരവും വഹിക്കും എന്നാണ്. അതുകൊണ്ട് അവൻ പറഞ്ഞു തന്റെ നുകം "മൃദുവും" ചുമടു "ലഘു" വും ആയിരിക്കും എന്നാണ്. [28]ഈ സംഭവം എവിടെ നടന്നു എന്നു നമുക്കറിയില്ല. ലൂക്കൊസ് 7:37 പറയുന്നതു "പട്ടണം" എന്നാണ്, എന്നാൽ അതേതു പട്ടണമാണെന്നു നമുക്കറിയില്ല. [29]ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 18. [30]എന്തു സംഭവിച്ചു എന്നതിനെ സംബന്ധിച്ചു വിശദമായി പഠിക്കുവാൻ, "സ്നേഹവും, കണ്ണുനീരും, പാപക്ഷമാപണവും," എന്ന ഈ പുസ്തകത്തിൽ ഇനി വരുന്ന പാഠം നോക്കുക.

[31]രണ്ടുവിരുന്നും ശിമോൻ എന്ന ആളുടെ വീട്ടിലായിരുന്നു; എന്നാൽ ഒരു ശിമോൻ പരീശനായിരുന്നു, മറ്റേത് കുഷ്ഠം ഉണ്ടായിരുന്ന (ശുദ്ധമായ) വ്യക്തിയായിരുന്നു. ശിമോൻ ഒരു പൊതുവായ പേരായിരുന്നു. പുതിയ നിയമത്തിൽ ഒൻപതു ശിമോൻമാരെപ്പറ്റി പറയുന്നുണ്ട്; പാലസ്തീനിൽ ഒരുപക്ഷെ ആയിരങ്ങൾ ഉണ്ടായിരുന്നേക്കാം. വീണ്ടും, രണ്ടു സംഭവങ്ങളിലും, യേശു പരിമളതൈലത്താൽ അഭിഷേകം ചെയ്യപ്പെട്ടു, പക്ഷെ വ്യത്യസ്ത ഫലവും വ്യത്യസ്ത സ്ത്രീകളാലും ആയിരുന്നു. [32]ഈ സംഭവം കഴിഞ്ഞ ഉടനെ മഗ്ദലന മറിയയെ കുറിച്ച് പറയുന്നുണ്ട് എന്നതു വാസ്തവമാണ് (ലൂക്കൊസ് 8:2), പക്ഷെ അവൾ മുൻപ് പറഞ്ഞിട്ടില്ലാത്ത ഒരു സംഘത്തിൽ പെട്ടവളായിട്ടാണ് പരിചയപ്പെടുത്തുന്നത്. മഗ്ദലനക്കാരി മറിയ ഭൂത–ബാധിത ആയിരുന്നു

എന്നതും വാസ്തവമാണ് (ലൂക്കൊസ് 8:2), എന്നാൽ മെക്ഗാർവെ നിരീക്ഷിച്ചത് ഇങ്ങനെയാണ് “പാപവും ഭൂത–ബാധയും തമ്മിൽ ഒരു ബന്ധവുമില്ല. ആദ്യത്തേത് മതപരമായി സ്വീകരിച്ച നിയമങ്ങളെ അവഗണിച്ചതായി സൂചിപ്പിക്കുന്നു, എന്നാൽ രണ്ടാമത്തേത് പാപമൊന്നും ഉള്ളതായി സൂചിപ്പിക്കുന്നില്ല. ആ വേദനാജനകമായ അവസ്ഥ നിന്ദ്യമായി ഒരിക്കലും പറഞ്ഞിട്ടില്ല, എന്നാൽ നിർഭാഗ്യം എന്നുമാത്രമാണു പറഞ്ഞത്” (മെക്ഗാർവെ ആന്റ് പെൻലിറ്റൺ, 291). [33]സാധ്യമായ കാരണങ്ങളെ കുറിച്ചുള്ള ചർച്ചക്ക്, ഈ പാഠത്തിനുശേഷം വരുന്ന പ്രസംഗം നോക്കുക. [34]ചില കയ്യെഴുത്തു പ്രതികളിൽ “ദ പ്രൊഫെറ്റ്” എന്നാണ്. “*ദ* പ്രൊഫെറ്റ്” എന്നത് മശിഹയെ സൂചിപ്പിക്കുന്നു (ആവർത്തനപുസ്തകം 18:15). [35]വേദഭാഗത്ത് ആ ചെറിയ സംഭവത്തെ ഉപമ എന്നു വിളിച്ചിട്ടില്ല, എന്നാൽ പൊതുവിൽ അത് അങ്ങനെ ആണെന്നു കരുതുന്നു. [36]നിങ്ങളുടെ വിദ്യാർത്ഥികൾ ആരെന്നതനുസരിച്ച്, അവരെ എങ്ങനെ കർത്താവിങ്കലേക്കു തിരിക്കുവാൻ കഴിയും എന്നതിന്റെ പൊതുവിവരണം ആവശ്യമായേക്കാം. അവർ ക്രിസ്ത്യാനികൾ ആയി തീർന്നിട്ടില്ലെങ്കിൽ, അവരോടു പ്രവൃത്തികൾ 2:36–38 പറയുക. അവർ ക്രിസ്ത്യാനികൾ ആണെങ്കിൽ, അവരെ മാനസാന്തരപ്പെട്ടു പാപങ്ങൾ ഏറ്റു പറയുവാൻ പ്രോത്സാഹിപ്പിക്കുക (1 യോഹന്നാൻ 1:9; യാക്കൊബ് 5:16; പ്രവൃത്തികൾ 8:22).